# സഭയുടെ ആവിർഭാവം

ദൈവം മശിഹയിൽ വാഗ്ദാനം ചെയ്ത കൃപയുടെ മൂർദ്ധന്യാവസ്ഥ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നതു നമ്മെ അമ്പരപ്പിക്കുന്ന പുതുമയുള്ളതാണ്. അതു എല്ലാ കാലത്തേക്കുമായി നിറവേറ്റുകയും, മനുഷ്യർക്കു ദൈവത്തോടുള്ള അന്തിമ ബന്ധമായി നിലനില്ക്കുന്നു. ദൈവത്തോടുള്ള അത്തരം അനുഗ്രഹമോ, നേട്ടമോ, അല്ലെങ്കിൽ ബന്ധമോ മുൻപ് ഒരിക്കലും കിട്ടിയിരുന്നില്ല.

ആ പുതിയ അനുഗ്രഹം സഭയായിരുന്നു. വാസ്തവത്തിൽ, "സഭ" എന്ന വാക്ക് യേശുവിന്റെ വാഗ്ദാന സന്ദർഭത്തിലാണ് പുതിയ നിയമത്തിൽ നാം ആദ്യമായി കാണുന്നത്, "... ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18). ഈ വാക്കിന്റെ പ്രവൃത്തികളിലെ ആദ്യ ഉപയോഗം 5:11 ലാണ്, "സർവ്വ സഭക്കും ഇതു കേട്ടവർക്കും മഹാഭയം ഉണ്ടായി." കിങ്ങ് ജെയിംസ് വെർഷനിൽ ഈ വാക്കിന്റെ ഉപയോഗം ഇംഗ്ലീഷിൽ "സഭ" പ്രവൃത്തികൾ 2:47-ൽ കാണാമെങ്കിലും, മൂല ഗ്രന്ഥത്തിൽ ആ ഭാഗത്ത് ആ വാക്ക് കാണുന്നില്ല. കെജെവിയിൽ, "കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർത്തു കൊണ്ടിരുന്നു"[1] എന്നാണ്. പിന്നീടുള്ളതും ശരിയായതുമായ തർജ്ജിമകളിൽ "അവരെ ഒരുമിച്ചു ചേർത്തു" എന്നാണ് (ഏ എസ് വി), "അവരുടെ സംഖ്യയോടു ചേർത്തുകൊണ്ടിരുന്നു" (എൻ.ഏ.എസ്ബി), "അവരുടെ സംഖ്യയോടു ചേർത്തു" (എൻഐവി).

പുതിയ നിയമത്തിൽ "സഭ" "സഭകൾ" എന്നിവ 114 പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളതിൽ, 20 പ്രാവശ്യം വെളിപ്പാടിൽ മാത്രമാണ്. ചിന്തിക്കുന്ന ബൈബിൾ വിദ്യാർത്ഥികളിൽ ഈ വാക്കിനു മുഖ്യസ്ഥാനമുണ്ട്. ഏഡി 33-ൽ അതു ലോകത്തിനു ഏതാണ്ടു പുതിയത് ആയിരുന്നു, ക്രിസ്തുവിന്റെ പ്രവൃത്തികളാൽ ക്രിസ്ത്യാനികളുടെ മനസുകളി ലേക്കു കൊണ്ടുവന്നതാണ്; ആളുകളുടെ സംഘത്തിനു, രക്ഷയും പ്രതിഫലവും, നിത്യതയിൽ കർത്താവു വാഗ്ദാനം ചെയ്തിട്ടുള്ളതാണ് (എഫെസ്യർ 1:22, 23; 5:23).

പ്രവൃത്തികളിലെ സംഭവങ്ങൾ പരിശോധിക്കുമ്പോൾ പല ഭാഗത്തും സഭകളെ കാണാം (പ്രവൃത്തികൾ 9:31; 11:26; 14:23; 20:17). എവിടെയെല്ലാം സുവിശേഷം പ്രസംഗിച്ചുവോ അവിടെയെല്ലാം കേൾവിക്കാർ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്ത, ഒരു കൂട്ടം ആരാധകരെയാണ് ''സഭ" എന്നറിയപ്പെടാൻ തുടങ്ങിയത്. ഈ

നേട്ടങ്ങളുടെ ചരിത്രമാണ് പ്രവൃത്തികൾ വെളിപ്പെടുത്തുന്നത്.

**ചില പ്രത്യേകത**

*ഏക്* അർത്ഥം "വേർതിരിക്കുക," എന്നും *കലെയിൻ,* അർത്ഥം "വിളിച്ച്" എന്നും ഉള്ള, രണ്ടു ഗ്രീക്കുവാക്കുകൾ ചേർന്നുള്ള *എക്ലേസിയ* എന്ന, ഗ്രീക്കുവാക്കിൽ നിന്നാണ് "ചർച്ച്" എന്ന വാക്കുണ്ടായത്. അതുകൊണ്ട്, *എക്ലേസിയ* എന്നാൽ "വിളിച്ച് – വേർതിരിക്കപ്പെട്ടവർ" എന്നർത്ഥം. ഈ വാക്ക് പല വ്യത്യസ്ത കൂട്ടങ്ങൾക്ക്, മതപരമായും, സാമൂഹ്യപരമായും, അല്ലെങ്കിൽ രാഷ്ട്രീയമായും ഉപയോഗിക്കാം. മതപരമായോ അല്ലാതെയോ, പ്രത്യേക ഉദ്ദേശത്തിനായി പ്രത്യേകിച്ചു വേർതിരിച്ചിരിക്കുന്ന കൂട്ടത്തെ സൂചിപ്പിക്കുന്നതിനാണ് ഒന്നാം നൂറ്റാണ്ടിൽ ഇതു ഉപയോഗിച്ചിരുന്നത്. ശേഷിച്ച കാലത്തേക്ക് പ്രത്യേക മതപരമായ അർത്ഥം കൊടുത്തുകൊണ്ട് സാധാരണ ഗ്രീക്കുവാക്കാണ് യേശു ഉപയോഗിച്ചത്.[2]

ആരംഭത്തിൽ, *എക്ലേസിയക്ക്* വെറും ഭൗതിക അർത്ഥമേ ഉണ്ടായിരുന്നുള്ളു. ഗ്രാമങ്ങളിലും ടൗണുകളിലും ഉള്ള കൗൺസിലുകളെയാണ് സാധാരണ ഇതു സൂചിപ്പിച്ചിരുന്ന ഒരു ഉപയോഗം. പ്രമാണിമാരേ, അവർ സമൂഹത്തിലെ പൊതുക്കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നവരായതുകൊണ്ട് "വിളിച്ചു – വേർതിരിച്ചവർ" എന്നറിയപ്പെടുന്നു.

*എക്ലേസിയ* എന്ന പദത്തിന്റെ രണ്ടാമത്തെ ഭൗതിക ഉപയോഗം ആളുകളുടെ കൂടിവരവിനായിരുന്നു – ഏതുതരം യോഗം ആയാലും. ഏതൊരു ഉപയോഗത്തിനും ആളുകൾ ഒരുമിച്ചു കൂടുന്നു, അത്തരം സംഘത്തെ, കൂട്ടത്തെ *എക്ലേ*സിയ എന്നു വിളിച്ചിരുന്നു. എഫെസൊസിലെ ബഹളം നടന്ന സന്ദർഭത്തിൽ ഈ വാക്ക് മൂന്നു പ്രാവശ്യം ഉപയോഗിച്ചു, ദെമെത്രിയൊസ് പൗലൊസിനെതിരെ ജനക്കൂട്ടത്തെ ഇളക്കി അധിക്ഷേപിച്ചപ്പോഴായിരുന്നു (പ്രവൃത്തികൾ 19:30, 32, 41). പട്ടണമേനവൻ "ജനക്കൂട്ടത്തെ," അല്ലെങ്കിൽ *എക്ലേസിയ*യെ പിരിച്ചുവിട്ടു – അതു ആ അവസരത്തിൽ ആ ജനക്കൂട്ടത്തെ മാത്രം പ്രത്യേകമായി ഉപയോഗിച്ചു പറഞ്ഞതാണ്.

*എക്ലേസിയയുടെ* ആത്മിയ ഉപയോഗങ്ങൾ പലതാണ്. (1) യേശു പണിയും എന്നു വാഗ്ദാനം ചെയ്തതിനു ആ വാക്ക് ഉപയോഗിച്ചു (മത്തായി 16:18), അതു തന്റെ ആത്മിയ ശരീരം എന്ന നിലയിൽ പറഞ്ഞിരിക്കുന്നു (എഫെസ്യർ 1:22, 23), അവൻ മരിച്ചതു തന്റെ രക്തം കൊടുത്തു അതിനെ വിലക്കുവാങ്ങുവാൻ ആയിരുന്നു (പ്രവൃത്തികൾ 20:28), അതിനെ ആലങ്കാരികമായി തന്റെ മണവാട്ടി/ഭാര്യയായി പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:22–33). ഇത്തരത്തിൽ ഉപയോഗിക്കുമ്പോൾ, "സാർവ്വദേശീയ സഭ" എന്ന അർത്ഥത്തിലാണ് സൂചിപ്പിക്കുന്നത് – എല്ലാ നൂറ്റാണ്ടുകളിലേയും രക്ഷിക്കപ്പെട്ട എല്ലാവരും കർത്താവിന്റെ ആത്മിയ ശരീരത്തോടു ചേർന്നു പ്രത്യേക ബന്ധമുള്ള "ക്രിസ്ത്യാ നികൾ" ആയിത്തീരുന്നു (പ്രവൃത്തികൾ 11:26). ഇതു കർത്താവിനുള്ള ആത്മിയ സംഘമായ, ''ഏക ശരീരമാണ്,'' ക്രിസ്തുവിനുള്ള സഭ ഒന്നുമാത്രമാണെന്ന സത്യം പൗലൊസ്

തുറന്നെഴുതിയിരിക്കുന്നതാണ് (എഫെസ്യർ 4:4). സഭയുടെ സ്ഥാപനത്തിനു മുൻപു ജീവിച്ചിരുന്ന വിശ്വാസികളായിരുന്നു അബ്രഹാം, മോശെ, ദാവീദ്, ദാനിയേൽ തുടങ്ങിയ, എല്ലാ പഴയനിയമത്തിൻ കീഴിലുണ്ടായിരുന്നവരും; അവർ സഭയിൽ അംഗങ്ങൾ ആയിരുന്നില്ല. അവർ വിശ്വാസത്താൽ രക്ഷി ക്കപ്പെട്ടുവെങ്കിലും, അവരെ ക്രിസ്ത്യാനികൾ എന്നു പറയുന്നതു ശരി യായിരിക്കയില്ല.

(2) സുവിശേഷ പ്രസംഗത്താൽ ഒരു പ്രദേശത്തെ കൂടിവരവിനെ സൂചിപ്പിച്ചുകൊണ്ടും, *എക്ലേസിയ* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. എല്ലായിടത്തും സുവിശേഷം പ്രസംഗിക്കുകയും ആളുകൾ പ്രതിനിധീ കരിക്കുകയും ചെയ്തു, അങ്ങനെ ഒരു സഭയും സ്ഥാപിക്കപ്പെട്ടു. പുതിയ നിയമത്തിൽ ഈ വാക്കിന്റെ ഉപയോഗം സാധാരണമാണ്.

ഇന്നു മതപരമായ പല സംഘങ്ങളും ഉപയോഗിക്കുന്നതുപോലെ, "സഭ" എന്നതു വ്യത്യസ്തനാമധേയ വിഭാഗങ്ങൾ അല്ല. മറിച്ചു, ഒരേ സാർവ്വദേശീയ സഭയുടെ ഇടവകകളായിരുന്നു അവ, പുതിയ നിയമത്തിൽ ആ ഒരു സഭ മാത്രമേയുള്ളു. ഇന്നു – ഉള്ള ഒരു നാമധേയ വിഭാഗവും ബൈബിളിൽ പറഞ്ഞിട്ടില്ല. നാമധേയ വിഭാഗത്തിലെ അംഗങ്ങളെയും പുതിയനിയമത്തിൽ കാണാൻ കഴിയുകയില്ല, കാരണം ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചതിനു അനേക വർഷങ്ങൾക്കു ശേഷം മനുഷ്യരാൽ തുടങ്ങിയവയായാണ് ഇന്നു അറിയപ്പെടുന്ന വിഭാഗങ്ങൾ. യേശു ഒരു നാമധേയവിഭാഗവും ആരംഭിച്ചിട്ടില്ല; അവയെല്ലാം മനുഷ്യരുടെ സൃഷ്ടികളാണ്. കർത്താവു മരിച്ചു വിലക്കു വാങ്ങിയ താണ് അവന്റെ സഭ. ഏതെങ്കിലും നാമധേയ വിഭാഗത്തെ രക്ഷിക്കാ മെന്നു യേശു വാഗ്ദാനം ചെയ്തിട്ടില്ല; അവന്റെ ആത്മിയ ശരീരത്തെ രക്ഷിക്കുമെന്നാണ് കർത്താവു വാഗ്ദാനം ചെയ്തിട്ടുള്ളത് (എഫെസ്യർ 5:23). നാമധേയ വിഭാഗങ്ങൾക്കു ആ ആത്മിയ ശരീരത്തിന്റെ യോഗ്യത യില്ല; അവ ബൈബിളിൽ എന്നതാണ് മുഖ്യം.

(3) ഏതെങ്കിലും പ്രാദേശിക ഇടവകയിലെ ദൈവത്തിന്റെ വിശുദ്ധന്മാരുടെ യോഗത്തെ പുതിയ നിയമത്തിൽ ഉപയോഗിക്കുന്ന വാക്കാണ് *എക്ലേസിയ* (പ്രവൃത്തികൾ 14:27; 1 കൊരിന്ത്യർ 11:18; 14:23, 28, 33). കൊരിന്ത്യ ഇടവകയിലെ ചില ദുർവിനിയോഗ പരിശീലനത്തെ പൗലൊസ് തിരുത്തുന്നുണ്ട്. പ്രത്യേകിച്ച് 14–ാം അദ്ധ്യായത്തിൽ, അവരും പരസ്യയോഗങ്ങളിലെ അത്ഭുതവര ദുർവിനിയോഗങ്ങളെ പൗലൊസ് തിരുത്തുകയുണ്ടായി. കർത്താവിനെ നമസ്ക്കരിക്കുവാൻ കൂടി വന്ന വിശുദ്ധന്മാരുടെ യോഗത്തെ അർത്ഥമാക്കിയാണ്, പല പ്പോഴും പൗലൊസ് *എക്ലേസിയ* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അവർ കൂടി വരികയും, ആരാധന നടത്തുകയും ചെയ്ത ശേഷം, അവർ തങ്ങളുടെ വീടുകളിലേക്കു പിരിഞ്ഞു പോകും. ഇങ്ങനെ അവർ ഒരുമിച്ചുകൂടുമ്പോൾ, അവരെ "സഭ" അല്ലെങ്കിൽ *എക്ലേസിയ* എന്ന് ആ പ്രത്യേക സാഹചര്യത്തിൽ വിളിച്ചിരുന്നു.

ഇവയാണ് സാധാരണ "സഭ" എന്ന വാക്കിന് ഉപയോഗിച്ചിട്ടുള്ളത്,[3] ആ വാക്കിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുവാൻ ആ പുതിയ നിയമഭാഗത്തിന്റെ സന്ദർഭം ശ്രദ്ധയോടെ എല്ലാ വിദ്യാർത്ഥികളും

പരിഗണിക്കേണ്ടതാണ്. വാക്കുകൾക്കു പലപ്പോഴും അർത്ഥ പിരിവുകൾ ഉള്ളതുകൊണ്ട്, അതുപയോഗിച്ചിരിക്കുന്ന സന്ദർഭം അനുസരിച്ചു ഉപയോഗം മനസ്സിലാക്കണം, വേഗ - വായന ശുപാർശ ചെയ്യുന്നില്ല.

### ചില സാർവ്വദേശിയം

കർത്താവിന്റെ സഭയുടെ ആദ്യ ഇടവക യെരുശലേമിലായിരുന്നു (പ്രവൃത്തികൾ 2:41, 47; 8:1), ആ കൂട്ടം പിന്നെ സുറിയയിലെ അന്തൊക്യയിലെക്കും വ്യാപിച്ചു (പ്രവൃത്തികൾ 11:25, 26). അടുത്തതു, കൃത്യമായും കർത്താവു സ്ഥാപിച്ചതുപോലെ (പ്രവൃത്തികൾ 1:8), യെഹൂദ്യ, ഗലീല, ശമര്യ തുടങ്ങിയ സ്ഥലങ്ങളിലും സ്ഥാപിക്കയു ണ്ടായി (പ്രവൃത്തികൾ 9:31). പൗലൊസിന്റെ ആദ്യമിഷണറി യാത്രയിൽ പിസിദ്യ്യയിലെ അന്തൊക്യ, ഇക്കൊന്യ, ലുസ്ത്ര, ദെർബ്ബ എന്നിവിടങ്ങ ളിൽ ഇടവകകൾ സ്ഥാപിക്കപ്പെട്ടു (പ്രവൃത്തികൾ 14:20-23). രണ്ടാമത്തെ മിഷണറി യാത്രയുടെ ആരംഭത്തിൽ, സുറിയ കിലിക്യ മേഖലകളിലും സഭകൾ നിലവിൽ വന്നു (പ്രവൃത്തികൾ 15:41).

വേഗത്തിൽ, കൊരിന്തിലും സഭ തിരിച്ചറിയാൻ തുടങ്ങി (പ്രവൃത്തി കൾ 18:8; 1 കൊരിന്ത്യർ 1:1, 2); എഫെസൊസിൽ (പ്രവൃത്തികൾ 20:17, 28; വെളിപ്പാട് 2:1); തെസ്സലൊനിക്യയിൽ (1 തെസ്സലൊനിക്യർ 1:1); റോമയിൽ (റോമർ 16:5); ഫിലിപ്പിയയിൽ (ഫിലിപ്പിയർ 4:15); പിന്നെ ആസ്യയിലെ ആറു ടൗണുകളിലും: സ്മുർന്ന, പെർഗ്ഗമം, തുയതൈര, സർദ്ദിസ്, ഫിലദെൽഫിയ, ലവദൊക്യ എന്നീ ടൗണുകളിലും തുടങ്ങി (വെളിപ്പാട് 2 ഉം 3 നോക്കുക). കൂടാതെ ഗലാത്യ ദേശങ്ങളിലെ അസംഖ്യം സഭകളെയും പറയുന്നുണ്ട് (1 കൊരിന്ത്യർ 16:1). ദമസ്ക്കൊ സിൽ ഒരു ഇടവകയുണ്ടായിരുന്നു, അങ്ങനെ പറയാൻ കാരണം, പൗലൊസ് അവിടെ ശിഷ്യന്മാരെ കണ്ടുമുട്ടിയിരുന്നു (പ്രവൃത്തികൾ 9:10, 19, 25).

### ചില സ്വാഭാവികം

പത്രൊസും മറ്റു അപ്പൊസ്തലന്മാരും യെരുശലേമിൽ പൂർണ്ണ സുവിശേഷം അറിയിച്ചിരുന്നു (പ്രവൃത്തികൾ 2). ഫിലിപ്പൊസ് ശമര്യയിൽ വചനം പ്രസംഗിച്ചു (പ്രവൃത്തികൾ 8:5), ചിതറിപ്പോയ ശിഷ്യന്മാർ ഊർജ്ജസ്വലതയോടെ തുടർച്ചയായി വചനം വ്യാപിപ്പിച്ച് സുറിയയിലെ അന്ത്യൊക്യയിലും എത്തി (പ്രവൃത്തികൾ 11:19-21). പൗലൊസ് ഒന്നാം നൂറ്റാണ്ടിൽ വചനം ആസ്യയിൽ എത്തിച്ചു (പ്രവൃത്തികൾ 13; 14), അതു അന്ത്യൊക്യ, ഇക്കോന്യ, ലുസ്ത്ര, ദെർബ്ബ എന്നിവിടങ്ങളിൽ ഉപദേശിച്ചുകൊണ്ടായിരുന്നു.

പൗലൊസും, ശീലാസും, തിമൊഥെയൊസും കൊരിന്തിൽ സത്യം പഠിപ്പിച്ചു (പ്രവൃത്തികൾ 18:1-11), തെസ്സലൊനിക്യയിലുള്ളവർ സന്തോ ഷത്തോടെ ശരിയായി, സാക്ഷാൽ ദൈവത്തിൽ നിന്നുള്ള സത്യമായി അവയിൽ നിന്നു കൈക്കൊണ്ടു (1 തെസ്സലൊനിക്യർ 2:13). ഏറ്റവും നന്നായി, പൗലൊസ് മൂന്നു വർഷം എഫെസൊസിൽ പാർത്തു പ്രവർത്തിച്ചപ്പോൾ വേറെ ആറു പട്ടണങ്ങളിലേക്കും സുവിശേഷം എത്തുവാൻ, ഏറെ സാധ്യതയുണ്ട് (പ്രവൃത്തികൾ 19:10; 20:31).

ഈ പ്രദേശങ്ങളിൽ എല്ലാം, വിതെച്ചതു രാജ്യത്തിന്റെ വിത്തും പുറപ്പെടുവിച്ചതു ആ രാജ്യത്തിലെ പൗരന്മാരെയും ആണ് (ലൂക്കൊസ് 8:11). രാജ്യത്തിന്റെ വിത്ത് വിതെക്കുവാൻ സുവിശേഷ പ്രാസംഗികർ നല്ലതും ഗുണമുള്ളതുമായ ഹൃദയങ്ങളെ കണ്ടെത്തി, അതു മുളച്ചു, വളർന്നു, വലിയ വിളവെടുപ്പായിത്തീർന്നു.

**ചില നിത്യമായവ**

"സഭ" എന്ന പേരിൽ അറിയപ്പെട്ട ആളുകൾ കർത്താവായ യേശുവിലുള്ള ദൈവത്തിന്റെ നിത്യപദ്ധതിയുടെ ഫലമായിരുന്നു (എഫെസ്യർ 1:3-6; 3:10). താൻ സഭ പണിയും എന്ന വാഗ്ദാനത്തിന്റെ ഫലവുമായിരുന്നു അത് (മത്തായി 16:18) അവന്റെ മരണത്താൽ അവരെ പാപത്തിൽ നിന്നു വിലക്കു വാങ്ങി (പ്രവൃത്തികൾ 20:28; 1 പത്രൊസ് 1:18, 19). ഈ ആളുകൾ യേശുവിനു കീഴ്പ്പെടുവാൻ മനസ്സുള്ളവരായിരുന്നു, കാരണം യേശുവാണ് ദൈവത്തിന്റെ ആത്മിയ ശരീരത്തിന്റെ തല, സഭ (എഫെസ്യർ 1:22, 23). അവരാണ് ക്രിസ്തുവിനെ അനുസരിച്ചവർ (എഫെസ്യർ 5:23).

ഇന്നു സഭയിലുള്ള ആളുകളിൽ കൂടിയാണ് ദൈവത്തിന്റെ നിത്യമായ പദ്ധതി നടപ്പിലാക്കുന്നത് (എഫെസ്യർ 1:23). ദൈവത്തിനു മതിയായതും സ്വീകാര്യവുമായ മഹത്വം അർപ്പിക്കാൻ അവർക്കു മാത്രമെ കഴിയു (എഫെസ്യർ 3:21). അവർക്കു മാത്രമെ വിശുദ്ധ പുരോഹിതവർഗ്ഗമായി ദൈവത്തെ ആരാധിക്കാൻ കഴിയു. അവരാണ് തിരഞ്ഞെടുക്കപ്പെട്ട, രാജകീയ പുരോഹിതവർഗ്ഗം, വിശുദ്ധ ദേശം, ദൈവത്തിനു പ്രത്യേകതയുള്ളവർ. അവർക്കാണ്, ദൈവത്തിന്റെ മുഴുവൻ കരുണയും ലഭിക്കുന്നത് (1 പത്രൊസ് 2:5, 9, 10).

അതുകൊണ്ടു, കർത്താവിന്റെ സഭ, വാസ്തവമായും പ്രത്യേകതയുള്ളതാണ് - അവരുടേതായ ഏതെങ്കിലും ഗുണംകൊണ്ടല്ല, പിന്നെയോ രാജാവിന്റെ ഇഷ്ടം അനുസരിച്ചു വിശ്വസ്തമായി ജീവിക്കുവാൻ, അവസാനം വരെ അവനിൽ ആശ്രയിക്കുന്നതു കൊണ്ടാണ്. അവർ യേശു വിന്റെ രക്തത്താൽ പാപങ്ങളെ പോക്കി ശുദ്ധീകരിക്കപ്പെട്ട വരാണ് (എഫെസ്യർ 5:26), അവർ അവന്റെ വരവിന്നായി കാത്തിരി ക്കയും ചെയ്യുന്നു. ഒരു ഭവനമായി ദൈവഭവനം ആയി, ആ ദിവസം അവർക്കായി, അവൻ ഒരുക്കിയ മാനവും ആത്മിയ ബന്ധവും നല്കും (1 തിമൊഥെയൊസ് 3:15; 1 യോഹന്നാൻ 3:1).

**ഉപസംഹാരം**

പ്രവൃത്തികളിൽ ചില പ്രത്യേകത തുടങ്ങി യുഗങ്ങളുടെ വെളിപ്പെടുത്തലിന്റെ മൂർദ്ധന്യാവസ്ഥയായിരുന്നു അത് (1 കൊരിന്ത്യർ 10:11). നിലവിൽ വന്ന ആളുകളിൽ ക്രിസ്തുവിന്റെ ക്രൂശിനുശേഷം ജീവിച്ച ആളുകളാണ് ഏറ്റവും ഭാഗ്യമുള്ളവർ. ഇന്നു ബൈബിൾ വായിക്കുന്നവർക്കു പുറകോട്ടു നോക്കി ദൈവത്തിന്റെ ആളുകളുമായുള്ള ചരിത്രം നോക്കിയാൽ അവൻ എങ്ങനെ നീതീകരണം കൊണ്ടുവന്നു എന്നു കാണാം. ഏതൊരു ക്രിസ്ത്യാനിയുടേയും ഹൃദയത്തിൽ ഈ മഹ

ത്തായ, പ്രവൃത്തികളുടെ ചരിത്രം വായിച്ചാൽ പ്രത്യാശ നിറയും (റോമർ 15:4). പാപികൾക്കു രക്ഷ നല്കുവാനാണ് ദൈവം നിത്യത മുതൽ പദ്ധതി തയ്യാറാക്കിയത്, അതു ദൈവം പ്രവർത്തികമാക്കി. ദൈവം എങ്ങനെ, എവിടെ ഈ രക്ഷ സ്ഥിരീകരിച്ചു എന്നു, വെളിപ്പെടുത്തുന്ന പ്രചോദന പുസ്തകമാണ് പ്രവൃത്തികൾ.

വീണ്ടെടുപ്പു പദ്ധതിയുടെ മൂർദ്ധ്യാവസ്ഥ അടുത്തപ്പോൾ, യേശു സഭ സ്ഥാപിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു. അവൻ പാലസ്തീ നിൽ മൂന്നു വർഷം സഞ്ചരിച്ചു, തന്റെ പുതിയ ആത്മിയ സമ്പദ് വ്യവ സ്ഥയെ പന്ത്രണ്ടു പേരെ പരിശീലിപ്പിക്കയും സഭയുടെ വാസ്തവത്തി ലുള്ള സ്ഥാപിക്കുന്നതിനും ഒന്നാം നൂറ്റാണ്ടു മുഴുവൻ അതിന്റെ വളർച്ചക്കും വേണ്ട പരിശീലനവും കൊടുത്തു. യേശു തന്റെ സഭ പണിതു - അപ്പൊസ്തലന്മാർ, പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ടു, യേശു അവരെ പരിശീലിപ്പിച്ചതു ചെയ്യുവാൻ അവരെ നയിച്ചു. യേശു പണിത സഭയെ "പാതാള ഗോപുരങ്ങൾ" ജയിക്കയില്ല (മത്തായി 16:18) യേശുവിന്റെ സഭ പണിയുന്നതിന് എതിരായി ജയിക്കുകയില്ല, സാത്താനും അതിനെ ജയിക്കയില്ല. പുതിയ നിയമക്കാലത്തു സഭ വിജയിച്ചിരുന്നു, അതു ന്യായവിധി നാൾ വരെ വിജയിക്കും. ആ ആഹ്ലാദിപ്പിക്കുന്ന ദൈവ ശ്വാസിയ രേഖയാണ് പ്രവൃത്തികളുടെ പുസ്തകം.

---

കുറിപ്പുകൾ

[1]കെ.ജെ.വി യിലെ പ്രവൃത്തികൾ 2:47-ൽ "സഭ" എന്ന വാക്ക് ഉപദേശപരമായി തെറ്റല്ല, പിന്നീട് ഇതേ വിധത്തിൽ സുവിശേഷവിളി സ്വീകരിച്ചവർ പെന്തെക്കൊസ്തുനാളിൽ വിളിച്ചവരെ പോലെ "സഭ" എന്നു തന്നെയാണ് വിളിച്ചത് (പ്രവൃത്തികൾ 5:11; 8:1, 3). [2]ഗ്രീക്ക് ഭാഷയിലെ മറ്റൊരു സാധാരണ വാക്കായ *ബാപ്റ്റിസ്മോസ്* എന്നതു, അതേ രീതിയിൽ യേശു ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്ക് *ബാപ്റ്റിസെയിൻ* എന്നതിൽ നിന്നു വന്നതാണ്, അർത്ഥം "മുക്കുക, നിമജ്ഞനം, അല്ലെങ്കിൽ സ്നാനം." അതു പൊതുവായി ഉപയോഗിച്ചിരുന്നതു കമ്പിളി നിറം പിടിപ്പിക്കുന്ന സ്ഥാപനങ്ങളിലാണ്, വസ്ത്രങ്ങൾ നിറം മാറ്റുന്നതിനു ചായക്കൂട്ടുള്ള പാത്രത്തിൽ, നിമജ്ഞനം ചെയ്യുന്നു അല്ലെങ്കിൽ മുക്കുന്നു. കെജെവിയിലെ തർജ്ജിമക്കാർ ആ വാക്ക് 1611-ൽ തർജ്ജിമചെയ്തിരുന്നെങ്കിൽ, ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പരിവർത്തനത്തിനുള്ള ദീർഘ - കാല പരിശീലനമായ വ്യക്തികളെ തളിക്കലിനു പകരം "മുങ്ങി" എന്ന വാക്ക് ഉപയോഗിക്കുമായിരുന്നു, എന്നാൽ തർജ്ജിമക്കാർ ഇംഗ്ലീഷിൽ ഒരു പുതിയ വാക്ക് കണ്ടു പിടിച്ചു, "ബാപ്റ്റിസം." അതു തർജ്ജിമയല്ല, ലിപി മാറ്റിയതാണ്. [3]ഈ മൂന്നു വേദഭാഗങ്ങൾ ഒഴിച്ച്, മറ്റൊരു സമയത്തും *എക്ലേസ്യ* ഉപയോഗിച്ചിട്ടുണ്ട്: അവിടെയാണ് സ്തെഫാനോസ് "സൂചിപ്പിച്ചത് മരുഭൂമിയിലെ ഇടവക" എന്നു സൂചിപ്പിച്ചത് (പ്രവൃത്തികൾ 7:38). ഈ സന്ദർഭത്തിൽ, സ്തെഫാനോസ് സൂചിപ്പിച്ചത് സീനായ് മരുഭൂമിയിൽ യെഹൂദന്മാർ കൂടി വന്ന് ദൈവീകമായ നടത്തിപ്പിൽ മിസ്രയിം അടിമത്വത്തിൽ നിന്ന് വിടുവിച്ച് കനാൻ ദേശത്തേക്ക് കൊണ്ടു വരുന്നതിനെയാണ്.

© 2009 Truth for Today